# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2079** **17.02.2016 ൽ മറുപടിയ്ക്ക്**

## അനർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അനർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതികളിൽ ഏതിലെങ്കിലും സുരാന വേഞ്ചേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം പങ്കാളിയായിട്ടുണ്ടോ; | (എ) ഉണ്ട്. എംപാനൽ ചെയ്യപ്പെട്ടിരുന്നു. |
| (ബി) ഉണ്ടെങ്കിൽ എപ്പോഴെല്ലാം ഏതെല്ലാം പദ്ധതികളിലാണ് പങ്കാളിയായത്; | (ബി) 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിലാണ് എംപാനൽ ചെയ്തിരുന്നത്. |
| (സി) ടെണ്ടർ മുഖേനയാണോ ഈ സ്ഥാപനത്തെ ഇതിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ; | (സി) അനെർട്ട് 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരിൽ നിന്ന് മാത്രമായി Expression of Interest ക്ഷണിക്കുകയും ഇതിൽ യോഗ്യത നേടിയതിനെ തുടർന്ന് സുരാന വേഞ്ചേഴ്സ് എന്ന സ്ഥാപനവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. |
| (ഡി) സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ പേരിൽ ഈ സ്ഥാപനത്തിന് ഇതുവരെ എത്ര രൂപയാണ് നൽകാനുള്ളത്; അതിൽ എത്ര രൂപ ഇതുവരെ നൽകിയിട്ടുണ്ട്; ഓരോ പ്രാവശ്യവും നൽകിയ തുകയും തീയതിയും വ്യക്തമാക്കുമോ, | (ഡി) സംസ്ഥാനത്താകെ നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിൽ സുരാന വേഞ്ചേഴ്സ് എന്ന സ്ഥാപനം പ്രതിഷ്ഠാപനം ഒന്നും നടത്തിയിട്ടില്ല. ആയതിനാൽ ഇതുവരെ യാതൊരു തുകയും പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടില്ല. ടി ഏജൻസിയുടെ എംപാനൽമെന്റിനെ തുടർന്ന് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ലിസ്റ്റിൽ നിന്നും സുരാന വേഞ്ചേഴ്സ് പുറത്തായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ അനെർട്ടിന്റെ |

| | | |
|---|---|---|
| | | ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു. |
| (ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | (ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ